**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1975**

**11.03.2020 ൽ മറുപടി പറയേണ്ടിയിരുന്നത്.**

## സമ്പദ് വ്യവസ്ഥയെ ചലനാത്മകമാക്കാനുള്ള നടപടികൾ

| ചോദ്യം<br><br>ശ്രീ.പി.ടി.എ. റഹീം<br>പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.വി.കെ.പ്രശാന്ത്<br>'' കെ.സുരേഷ് കുറുപ്പ് | | മറുപടി<br><br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സാമ്പത്തിക പ്രതിസന്ധി ഘട്ടത്തിലും സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് തൃപ്തികരമായ വളർച്ച കൈവരിക്കാനായിട്ടുണ്ടെങ്കിലും ദേശീയ തലത്തിലും ആഗോളതലത്തിലുമുള്ള മാന്ദ്യം മൂലം വ്യാപാര വ്യവസായ മേഖലകളിൽ നിന്നുള്ള നികുതിവരുമാനവും പ്രവാസികളിൽ നിന്നുള്ള പണവരവും കുറയാനിടയുള്ളതിനാൽ സമ്പദ് വ്യവസ്ഥയെ ചലനാത്മകമാക്കി വികസനം സുസ്ഥിരമാക്കുന്നതിന് പ്രവാസികളുടെ നിശ്ചല സമ്പാദ്യം നിക്ഷേപമാക്കാൻ പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | സമ്പദ് വ്യവസ്ഥയെ ചലനാത്മകമാക്കി വികസനം സുസ്ഥിരമാക്കുന്നതിന്, കെ.എസ്.എഫ്.ഇ, പ്രവാസി ക്ഷേമം മുന്നിൽ കണ്ട് ആവിഷ്കരിച്ച പദ്ധതിയാണ് കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടികൾ. ഈ ചിട്ടികളിൽ രാജ്യത്തിനു പുറത്തെ പ്രവാസികൾക്ക് പ്രവാസ രാജ്യത്തു വസിച്ചുകൊണ്ടു തന്നെ വിദേശ നാണ്യത്തിൽ തന്നെ ചിട്ടിയിൽ പണമടച്ച് ചേരാനും തുടർ തവണകൾ അടക്കാനും സൗകര്യം ഒരുക്കിയിട്ടുണ്ട്.<br><br>കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾ സാമ്പ്രദായികേതര രീതികളിൽ മുന്നോട്ടുകൊണ്ടുപോകാൻ വേണ്ടി രൂപീകരിച്ച കിഫ്ബി എന്ന സ്ഥാപനവുമായി സഹകരിച്ചാണ് കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടികൾ പ്രവർത്തിക്കുന്നത്. ഇതുപ്രകാരം ചിട്ടിയുടെ സെക്യൂരിറ്റി തുകയും അടവു സംഖ്യകളും ബോണ്ടുകളായി കിഫ്ബിയിൽ നിക്ഷേപിക്കപ്പെടുന്നു. അതേസമയം ചിട്ടി പിടിക്കുന്ന ചിറ്റാളർക്ക് ചിട്ടിപ്പണം കൊടുക്കേണ്ട സാഹചര്യം സംജാതമാകുമ്പോൾ പുട്ട് ഓപ്ഷൻ സമ്പ്രദായം വഴി ആവശ്യമായ പണം പിൻവലിക്കുകയും ചെയ്യുന്നു. അതായത് ഈ ചിട്ടികളിലെ ഫ്ലോട്ട് ഫണ്ട് എപ്പോഴും കിഫ്ബിയിൽ ഉണ്ടായിരിക്കുകയും അത് വികസന പ്രവർത്തനങ്ങൾക്ക് അവർക്ക് ഉപയോഗിക്കുകയും ചെയ്യാം. അങ്ങനെ പ്രവാസിയുടെ നിശ്ചല സമ്പാദ്യം കേരള വിപണിയിലേക്കും കേരള വികസനത്തിലേക്കും ഈ ചിട്ടി തിരിച്ചു വിടുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | വിദേശ മലയാളികളുടെ മാത്രമല്ല, ഇതര സംസ്ഥാനങ്ങളിലെ മലയാളികൾക്കും ഈ ചിട്ടിയിൽ ചേരാവുന്നതാണ്. അങ്ങനെ സംസ്ഥാനാന്തരമായ രീതിയിലും മലയാളികളുടെ പണം കേരളത്തിന്റെ വികസന പ്രവർത്തനത്തിലേയ്ക്ക് തിരിച്ചുവിടുന്ന പ്രധാനപ്പെട്ട ഒരു ഉപാധിയാണ് കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടി.<br><br>പ്രവാസി കേരളീയരുടെ ക്ഷേമ പരിപാടികൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായും പ്രവാസി നിക്ഷേപങ്ങൾ ഫലപ്രദമായി ജന്മനാടിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതിനുമുള്ള ദീർഘകാല നിക്ഷേപപദ്ധതിയായി കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് മുഖേന പ്രവാസി ഡിവിഡന്റ് പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതു കൂടാതെ സംസ്ഥാനത്തെ നിക്ഷേപ സാദ്ധ്യതകളെ പ്രവാസി കേരളീയരുടെ ശ്രദ്ധയിൽകൊണ്ടുവന്ന് വിവിധ മേഖലകളിൽ നിക്ഷേപിക്കുവാൻ സന്നദ്ധതയുള്ളവർക്ക് പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുക എന്ന ലക്ഷ്യത്തോടെ നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ (NBFC) എന്ന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | പണച്ചുരുക്കം ഉണ്ടാകാതിരിക്കുന്നതിനു സർക്കാർ ചെലവു കുറയ്ക്കാതെ നിലനിർത്തേണ്ടത് അനിവാര്യമായ തിനാൽ റവന്യൂ വരവു വർദ്ധിപ്പിക്കുന്നതിനു ജി.എസ്.ടി നികുതി സമാഹരണത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ എന്തെല്ലാം മാർഗങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | (ബി) | നികുതി സമാഹരണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നികുതി ശൃംഖല വിപുലീകരിക്കേണ്ടത് അനിവാര്യമാണ്. ആയതിലേക്കായി രജിസ്ട്രേഷൻ ഇല്ലാത്ത വ്യാപാരികളെ കണ്ടുപിടിച്ച് രജിസ്ട്രേഷൻ എടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.<br><br>ജി.എസ്.ടി നിലവിൽ വന്നതിന്ശേഷം വകുപ്പിൽ ലഭ്യമായ ഉദ്യോഗസ്ഥരിൽ 50% മാത്രമേ ജി.എസ്.ടിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് വേണ്ടി വിന്യസിപ്പിക്കുവാൻ സാധിച്ചിട്ടുള്ളൂ. ഇതിന് കാരണം ജി.എസ്.ടിയ്ക്കു മുമ്പ് നിലവിൽ ഉണ്ടായിരുന്ന വാറ്റ് ആഡംബര നികുതി, കേന്ദ്ര വില്പന നികുതി എന്നിവയുമായി ബന്ധപ്പെട്ട നികുതി നിർണ്ണയങ്ങൾ പൂർത്തീകരിക്കേണ്ടതായിട്ടുള്ളതു കൊണ്ടാണ്. ഇനിയുള്ള മൂന്ന് വർഷങ്ങളിലെ പ്രധാനപ്പെട്ട എല്ലാ കേസുകളിലും നികുതി നിർണ്ണയങ്ങൾ നടത്തിക്കഴിഞ്ഞു. അവശേഷിക്കുന്ന നികുതി നിർണ്ണയങ്ങൾ പിഴ അടിസ്ഥാനമാക്കിയുള്ള |

കേസുകൾ, അക്കൗണ്ടന്റ് ജനറൽ കണ്ടെത്തിയ കേസുകൾ, കമ്മീഷണറേറ്റ് പരിശോധനയിൽ കണ്ടെത്തിയ കേസുകൾ എന്നിവ മാത്രമാണ്. ഇപ്രകാരമുള്ള കേസുകൾ സമയബന്ധിതമായി തീർപ്പാക്കി വകുപ്പിന്റെ ഉദ്യോഗസ്ഥരെ ജി.എസ്.ടി അനുബന്ധ പ്രവർത്തനങ്ങൾക്കായി വിന്യസിക്കുന്നതാണ്. ഇതുവഴി ജി.എസ്.ടി ഫയലുകളുടെ മേൽനോട്ടം കാര്യക്ഷമമായി നടത്തുവാൻ സാധിക്കുന്നതും തദ്വാരാ ജി.എസ്.ടി വരുമാനത്തിൽ വർധനവുണ്ടാകുന്നതിനും സാധിക്കുന്നതാണ്.

നികുതിദായകന്റെ ക്രയവിക്രയങ്ങൾ സംബന്ധിച്ച് ജി.എസ്.ടി നെറ്റ് വർക്കിൽ ലഭ്യമായ വിവരങ്ങളുടെ വിശകലനവും മറ്റ് ഏജൻസികളായ ഇൻകം ടാക്സ്, കസ്റ്റംസ് എന്നിവയിൽ സമർപ്പിച്ചിട്ടുള്ള വിവരങ്ങളുമായി വിശകലനങ്ങൾ നടത്തുന്നതിനുവേണ്ടി വകുപ്പിൽ പ്രത്യേക ഡാറ്റാ അനലിറ്റിക്കൽ വിഭാഗം രൂപീകരിച്ചിട്ടുണ്ട്. വിദ്യുത്ഛക്തി ബോർഡ്, ഓയിൽ കമ്പനികൾ, ബാങ്കുകൾ, തൊഴിൽ വകുപ്പ്, ഭക്ഷ്യസുരക്ഷാ വകുപ്പ് എന്നിവിടങ്ങളിൽ നിന്ന് ശേഖരിച്ച് വിവരങ്ങൾ പാൻ നമ്പർ അടിസ്ഥാനമാക്കി തരംതിരിച്ച് രജിസ്ട്രേഷൻ ഉള്ള വ്യാപാരികളുടെ റിട്ടേൺ വിവരങ്ങളുമായി വിശകലനം നടത്തിവരുന്നു. ടെക്നോ പാർക്കിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് സ്ഥാപനമായ IIITMK യുമായി സഹകരിച്ചാണ് ഈ പ്രവർത്തനം നടക്കുന്നത്. ആദ്യഘട്ടത്തിൽ പ്രാധാന്യം നൽകിയിരിക്കുന്നത് ചരക്കുകളുടെയും സേവനങ്ങളുടെയും മേഖല തിരിച്ചുള്ള വിശകലനവും തെറ്റായി എടുത്തിട്ടുള്ള ഇൻപുട്ട് ടാക്സ് കണ്ടു പിടിക്കുന്നതിനുള്ള നടപടികളുമാണ്. ഇതിനെ അടിസ്ഥാനമാക്കി ആഡിറ്റും എൻഫോഴ്സ്മെന്റ് നടപടികളും സ്വീകരിക്കുന്നതുമാണ്.

ജി.എസ്.ടിയിൽ ഫയൽ ചെയ്ത വിവരങ്ങളെ അടിസ്ഥാനമാക്കി ദേശീയതലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി സംസ്ഥാന തലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ച് ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കിയിട്ടുണ്ട്. വിറ്റുവരവിലുള്ള വ്യത്യാസം, ഇൻപുട്ട് ടാക്സ് ക്രഡിറ്റിലുള്ള വ്യത്യാസം, ഇ-വേ ബിൽ ഡിക്ലയർ ചെയ്ത തുകയിലുള്ള വ്യത്യാസം ടി.ഡി.എസ്/ടി.സി.എസ് റിട്ടേണുകളിൽ ഉള്ള വിവരങ്ങൾ എന്നിവ അടിസ്ഥാനമാക്കിയാണ്

| | | | |
|---|---|---|---|
| | | | റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ നൽകിത്തുടങ്ങിയത്. ഇതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ കേന്ദ്രീകൃതമായി പരിശോധിക്കുന്നതുമാണ്.<br><br>നികുതി നിർണ്ണയങ്ങൾ അനിവാര്യമായ 38,000-ത്തോളം കേസുകൾ വ്യത്യസ്ഥ മാനദണ്ഡങ്ങൾ നിശ്ചയിച്ച് മുൻഗണനപട്ടിക തയ്യാറാക്കി പരിശോധന സമയബന്ധിതമായും കാര്യക്ഷമമായും നടത്തി നികുതി നിർണ്ണയങ്ങൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നികുതി നിർണ്ണയ അധികാരികളുടെ ഡാഷ്ബോർഡിൽ പരിശോധിക്കുന്നതുമാണ്. ജി.എസ്.ടി നികുതി വെട്ടിപ്പ് തടയുന്നതിനായി ഇന്റലിജൻസ് വിഭാഗം കാര്യക്ഷമമായി പരിശോധന നടത്തിവരുന്നു. ഇതിനായി നിലവിലുണ്ടായിരുന്ന സ്ക്വാഡുകളുടെ എണ്ണം കൂട്ടി അതിർത്തിപ്രദേശങ്ങളിലുൾപ്പെടെ സ്ക്വാഡുകളെ വിന്യസിച്ചു. സംസ്ഥാനത്തിനകത്തേക്ക് കടന്നുവരുന്ന ചരക്ക് വാഹനങ്ങളിൽ ഇ-വേബിൽ എടുത്തിട്ടുണ്ടോ എന്നും സ്ക്വാഡ് പരിശോധിച്ച് ഉറപ്പ് വരുത്തുന്നു. ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം വഴി അതിർത്തി കടന്ന് വരുന്ന വാഹനങ്ങൾ കൂടുതൽ കാര്യക്ഷമമായി പരിശോധിക്കുന്നതിനുള്ള നടപടികൾ വാളയാർ അതിർത്തിയിൽ പരിശോധിച്ച് വിജയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രധാനപ്പെട്ട 23 സംസ്ഥാന അതിർത്തികളിൽ കൂടി ഈ സംവിധാനം നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചു. |
| (സി) | നികുതി ശൃംഖലക്ക് പുറത്തുള്ള ഗണ്യമായ എണ്ണം വ്യാപാരികളെ കണ്ടെത്തി രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനും നികുതി വെട്ടിപ്പ് അസാധ്യമാക്കുന്ന തരത്തിൽ ഇ-വേ ബിൽ പരിശോധന കാര്യക്ഷമമാക്കാനും ചെയ്തുവരുന്ന കാര്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ? | (സി) | നികുതി സമാഹരണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നികുതി ശൃംഖല വിപുലീകരിക്കേണ്ടത് അനിവാര്യമാണ്. ആയതിലേക്കായി രജിസ്ട്രേഷൻ ഇല്ലാത്ത വ്യാപാരികളെ കണ്ടുപിടിച്ച് രജിസ്ട്രേഷൻ എടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.<br><br>ഭക്ഷ്യ സുരക്ഷാ വകുപ്പിൽ നിന്ന് 12 ലക്ഷത്തിന് മുകളിൽ വിറ്റു വരവുള്ള 34,728 വ്യാപാര സ്ഥാപനങ്ങളുടെ വിവരങ്ങൾ ശേഖരിക്കുകയും അവ പരിശോധിച്ച് രജിസ്ട്രേഷൻ എടുത്തിട്ടില്ലാത്ത 29,185 വ്യാപാര സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനായി നോട്ടീസ് നൽകി രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. |

കൂടാതെ ഓൺലൈൻ ഭക്ഷ്യ വിതരണ ശൃംഖലയിൽപ്പെട്ട ഊബർയീറ്റ്സ്, സോമാറ്റോ, സ്വിഗ്ഗി എന്നിവരിൽ നിന്ന് 22,506 ഹോട്ടലുകളുടെയും റസ്റ്റോറന്റുകളുടെയും വിവരങ്ങൾ ശേഖരിച്ച് രജിസ്ട്രേഷൻ എടുത്തിട്ടില്ലാത്ത 2,237 വ്യാപാര സ്ഥാപനങ്ങളെ രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചു. ഇക്കൂട്ടരിൽ നിന്നും ലഭ്യമായ വിവരങ്ങളനുസരിച്ച് രജിസ്ട്രേഷൻ എടുത്തിട്ട് യഥാസമയം റിട്ടേൺ ഫയൽ ചെയ്യാത്തവരുടെ സ്ഥാപനങ്ങൾ പരിശോധന നടത്തി നികുതി ഈടാക്കാനുള്ള നടപടികൾ ആരംഭിച്ചു. കൂടാതെ റിട്ടേൺ ഫയൽ ചെയ്ത സ്ഥാപനങ്ങൾ സ്വമേധയാ കാണിച്ചിരിക്കുന്നത് വിറ്റുവരവ് ലഭ്യമായ വിവരങ്ങളുമായി താരതമ്യം ചെയ്ത് നികുതി വെട്ടിപ്പ് കണ്ടെത്തിയ കേസുകളിലും നികുതി നിർണ്ണയ നടപടികൾ സ്വീകരിച്ചുവരുന്നു.

വിദ്യുഛക്തി ബോർഡിൽ നിന്ന് 17,58,853 സ്ഥാപനങ്ങളുടെ വിവരങ്ങൾ ശേഖരിച്ചു. ഇതിൽ പ്രതിവർഷം 5 ലക്ഷം രൂപയിൽ കൂടുതൽ കറന്റ് ചാർജ്ജ് അടയ്ക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ ഒന്നാം ഘട്ടത്തിൽ പരിശോധനാവിധേയമാക്കുകയും അതിൽ രജിസ്ട്രേഷൻ ഇല്ലാത്ത 608 ഹൈ-ടെൻഷൻ സ്ഥാപനങ്ങളും 12,363 ലോ-ടെൻഷൻ സ്ഥാപനങ്ങളും 456 ട്യൂഷൻ സെന്ററുകളും 5,039 വർക്ക്സ് കോൺട്രാക്ട് സ്ഥാപനങ്ങളേയും രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ, ഭാരത് പെട്രോളിയം, ഹിന്ദുസ്ഥാൻ പെട്രോളിയം തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ഗ്യാസ് ഉപയോഗം സംബന്ധിച്ച് 2,44,019 വ്യാപാര സ്ഥാപനങ്ങളുടെ വിവരങ്ങൾ ശേഖരിച്ചു കഴിഞ്ഞു. ഇവയിൽ നിന്ന് ആദ്യഘട്ടത്തിൽ പ്രതിവർഷം 100 ഗ്യാസ് സിലിണ്ടറിൽ കൂടുതൽ ഉപയോഗിച്ചിട്ടുള്ള 5,700 സ്ഥാപനങ്ങളുടെ വിവരങ്ങൾ റിട്ടേണിൽ കാണിച്ചിട്ടുള്ള വില്പനയുമായി താരതമ്യം ചെയ്ത് നികുതി വെട്ടിപ്പുണ്ടോ എന്ന് പരിശോധിക്കുന്നതിനായി നികുതി നിർണ്ണയാധികാരികൾക്ക് നൽകി കഴിഞ്ഞു.

വ്യാപാരസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അംഗങ്ങളുടെ സംഖ്യ അറിയുന്നതിനും

ആനുപാതികമായ വിറ്റുവരവ് റിട്ടേണിൽ പ്രതിഫലിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതി ലേക്കായി തൊഴിൽ വകുപ്പിൽ രജിസ്റ്റർ ചെയ്യപ്പെട്ട 5,44,320 സ്ഥാപനങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് ഡാറ്റാ വിശകലനം നടത്തിവരുന്നു.

പി.ഒ.എസ് മെഷീൻ (പോയിന്റ് ഓഫ് സെയിൽ) വഴിയുള്ള വ്യപാരികളുടെ വിൽപനകളുടെ വിവരങ്ങൾ എച്ച്.ഡി.എഫ്.സി, ഐ.സി.ഐ.സി.ഐ, ആക്സിസ് ബാങ്ക്, കാനറാ ബാങ്ക്, യൂണിയൻ ബാങ്ക് എന്നിവിടങ്ങളിൽ നിന്ന് ശേഖരിച്ച ഐ.സി.ഐ.സി.ഐ ബാങ്ക് വിതരണം ചെയ്ത 20,325 പി.ഒ.എസ് മെഷീനുകളും എച്ച്.ഡി.എഫ്.സി ബാങ്ക് നൽകിയ 35,831 പി.ഒ.എസ് മെഷീൻ വഴിയുള്ള വില്പന വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള ഒരു ലക്ഷത്തോളം വ്യപാരികളുടെ വില്പനകളുടെ വിവരങ്ങൾ റിട്ടേണുമായി വിശകലനം ചെയ്തുവരുന്നു.

ജി.എസ്.ടി നിലവിൽ വന്നതിനുശേഷം അതിർത്തിവഴിയുള്ള കള്ളക്കടത്ത് തടയുന്നതിന് വേണ്ടിയും സംശയാസ്പദമായ വാഹനങ്ങളെ പരിശോധനയ്ക്കായി കണ്ടെത്തുന്നതിനുമായി വാളയാർ കേന്ദ്രീകരിച്ച് എ.എൻ.പി.ആർ ക്യാമറ സ്ഥാപിച്ച് പൈലറ്റ് പ്രോജക്റ്റ് നടത്തുകയുണ്ടായി. ഇതിനെ തുടർന്ന് കേരളത്തിലെ പ്രധാനപ്പെട്ട അതിർത്തി മേഖലകൾ കേന്ദ്രീകരിച്ച് എ.എൻ.പി.ആർ സംവിധാനം സ്ഥാപിക്കുന്നതി നായുള്ള ഉത്തരവ് ടെൻഡർ നടപടികൾ പൂർത്തീകരിച്ച് 8.09 കോടി (ജി.എസ്.ടി ഒഴികെ) നൽകിയിട്ടുണ്ട്.

എ.എൻ.പി.ആർ ക്യാമറ സംവിധാനം വഴി ശേഖരിച്ച വാഹനത്തിന്റെ നമ്പർ പ്രസ്തുത വാഹനത്തിന് എടുത്തിട്ടുള്ള ഈ-വേ ബില്ലിൽ ലഭ്യമായിട്ടുള്ള വിവരങ്ങളുമായി യഥാസമയം പരിശോധിക്കാനുള്ള സംവിധാനം സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ മോട്ടോർ വകുപ്പിന്റെ വാഹൻ സാരഥി എന്ന പോർട്ടലുമായി സംയോജിപ്പിച്ച് പ്രസ്തുത വാഹനത്തിന്റെയും ചരക്കുകളുടെയും ഭാരം നിർണ്ണയിക്കുന്നതിനായുള്ള ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സോഫ്റ്റ് വെയർ സംവിധാനം നടപ്പാക്കുന്നതാണ്. ആർ.എഫ്.ഐ.ഡി ഫാസ് ടാഗിന്റെ ഉപയോഗവും പരമാവധി പ്രയോജനപ്പെടുത്തും.

| | | | |
|---|---|---|---|
| | | | ഈ സംവിധാനം വഴി ഇ-വേ ബിൽ എടുക്കാത്ത ചരക്ക് വാഹനങ്ങൾ തിരിച്ചറിയുവാനും ഈ വാഹനങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കുന്നതിനുവേണ്ടി ഇന്റലിജൻസ് സ്ക്വാഡിന് അലർട്ട് നൽകുന്നതിനും സാധിക്കും. കൂടാതെ ഒരു ഇ-വേ ബിൽ ഒന്നിൽ കൂടുതൽ തവണ ചരക്ക് നീക്കത്തിന് ഉപയോഗിക്കുന്നത് തടയുന്നതിനും ചരക്ക് നീക്കം നടത്തിയതിന് ശേഷം ഇ-വേ ബിൽ ക്യാൻസൽ ചെയ്യുന്നത് തടയുന്നതിനും ഇതുവഴി സാധിക്കുന്നു. നികുതി വെട്ടിപ്പ് സംശയമുള്ള വ്യാപാരികളുടെ ചരക്ക് നീക്കം കണ്ടെത്തി വിശദ പരിശോധനയ്ക്ക് സ്ക്വാഡുകളെ അലർട്ട് ചെയ്യുന്നതിനും ഈ സംവിധാനം ഉപയോഗിക്കുന്നു. |

സെക്ഷൻ ഓഫീസർ